**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 598** **23-02-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ബാധ്യത തീർത്ത് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിനു ഒഫിഷ്യൽ ലിക്വിഡേറ്ററെ ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ള തും ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ട് പോകുന്നതിനാണ് സർക്കാർ തീരുമാനമെന്ന് ബഹു.ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട് കേസ് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത കമ്പനിയുടെ നിലവിലെ കടബാധ്യത എത്രയാണ്; ബാധ്യത ഇനം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | സ്ഥാപനത്തിന്റെ ഒഫിഷ്യൽ ലിക്വിഡേറ്റർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് പ്രകാരം സ്ഥാപനത്തിന്റെ ബാധ്യതകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. Workment Creditors - 7,10,81,891.50 രൂപ Workment (Badalies) - 96,381 രൂപ Preferential Creditors – 17,23,324 രൂപ Unsecured Creditors - 3,77,02,715 രൂപ ആകെ - 11,06,04,311.50 രൂപ |
| (സി) | കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഭൂമി ഉൾപ്പെടെയുള്ള ആസ്തികളുടെ വില നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോന്നിന്റെയും വില എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) | വില നിർണയിച്ചിട്ടില്ല. |
| (ഡി) | കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഭൂമി സർക്കാരിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ആലോചിക്കുന്നുണ്ടോ? | (ഡി) | കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് |

| | | | |
|---|---|---|---|
| | | | വിൽക്കുന്നതിനു ഒഫിഷ്യൽ ലിക്വിഡേറ്ററെ ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ള തും ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ട് പോകുന്നതിനാണ് സർക്കാർ തീരുമാനമെന്ന് ബഹു.ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട് കേസ് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ